REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-11-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ബുദ്ധമതത്തിന്റെ സന്ദേശങ്ങൾ സമാധാനത്തിലും അഹിംസയിലും അടിയുറച്ചതാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.**
- **കാനഡയിലെ ഹൈന്ദവ ക്ഷേത്ര ആക്രമണം അങ്ങേയറ്റം ആശങ്കാജനകമാണെന്ന് കേന്ദ്രമന്ത്രി ഡോ. S ജയശങ്കർ.**
- **റെയിൽവേയിലെ താൽക്കാലി തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടിയെടുക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ**
- **സംസ്ഥാനത്തെ ഉപതെരഞ്ഞെടുപ്പിൽ പ്രചാരണം ശക്തമായി തുടരുന്നു.**
- **സംസ്ഥാന സ്കൂൾ കായിക മേളയിൽ തിരുവനന്തപുരം ഏറെ മുന്നിൽ.**

## വാർത്തകൾ വിശദമായി

ബുദ്ധമതത്തിന്റെ കേന്ദ്ര സന്ദേശം സമാധാനത്തിലും അഹിംസയിലും അടിയുറച്ചതാണെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. ലോകത്തിന്റെ നിലനിൽപ്പിന് തന്നെ വെല്ലുവിളികൾ ഉണ്ടാകുമ്പോൾ ബുദ്ധ ദർശനങ്ങൾ അവയ്ക്ക് പരിഹാരമാകുമെന്ന് അവർ അഭിപ്രായപ്പെട്ടു. ന്യൂഡൽഹിയിൽ ആദ്യ ഏഷ്യൻ ബുദ്ധമത ഉച്ചകോടിയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

ഏഷ്യയെ ശക്തിപ്പെടുത്തുന്നതിൽ ബുദ്ധമതത്തിന്റെ പങ്കിനെക്കുറിച്ച് ചർച്ച ചെയ്യേണ്ടതിന്റെ ആവശ്യകത ദ്രൗപതി മുർമു എടുത്തു പറഞ്ഞു.

✪✪✪

കാനഡയിൽ ഹൈന്ദവ ക്ഷേത്രത്തിൽ ഉണ്ടായ ആക്രമണം അങ്ങേയറ്റം ആശങ്കാജനകമാണെന്ന് കേന്ദ്രമന്ത്രി ഡോ. S ജയശങ്കർ അഭിപ്രായപ്പെട്ടു. ഓസ്ട്രേലിയൻ വിദേശകാര്യമന്ത്രി പെന്നി വോങ്ങിനൊപ്പം കാൻബെറയിൽ വാർത്താ സമ്മേളത്തിൽ പങ്കെടുക്കുകയായിരുന്നു  അദ്ദേഹം. കാനഡയിൽ വിഘടന ശക്തികൾക്കും ഭീകര പ്രവർത്തകർക്കും ഇടം നൽകുന്നതിനെ ഇന്ത്യ ആശങ്കയോടെയാണ് കാണുന്നതെന്നും ഡോ. എസ് ജയശങ്കർ വ്യക്തമാക്കി. കൃത്യമായ വിവരങ്ങൾ നൽകാതെ ആരോപണ ഉന്നയിക്കുന്ന രീതി കാനഡ അടുത്ത കാലത്ത് അനുവർത്തിച്ചിരിക്കുന്നതായും അദ്ദേഹം കുറ്റപ്പെടുത്തി. കാനഡയിലെ ഇന്ത്യൻ നയതന്ത്ര ഉദ്യോഗസ്ഥരെ നിരീക്ഷിക്കുന്ന രീതി അംഗീകരിക്കാനാവില്ലെന്നും ജയശങ്കർ പറഞ്ഞു.

✪✪✪

റെയിൽവേയിൽ താൽക്കാലികാടിസ്ഥാനത്തിൽ ശുചീകരണ ജോലിയടക്കം ചെയ്യുന്നവരുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയൻ, റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിന് കത്തയച്ചു. ഷൊർണൂരിൽ ട്രെയിൻ തട്ടി മരിച്ച തമിഴ്നാട് തൊഴിലാളികളുടെ ആശ്രിതർക്ക് മതിയായ നഷ്ടപരിഹാരം നൽകണമെന്ന് മുഖ്യമന്ത്രി കത്തിൽ ആവശ്യപ്പെട്ടു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.........

.....(വോയ്സ്).....

തൊഴിലാളികളെ കരാറിന് നൽകുന്നവർ ആവശ്യമായ സുരക്ഷാ മുന്നൊരുക്കങ്ങളില്ലാതെയാണ് അവരെ ജോലിക്ക് നിയോഗിക്കുന്നതെന്ന് മുഖ്യമന്ത്രി കത്തിൽ അറിയിച്ചു. ഷൊർണൂരിലെ ഭാരതപ്പുഴ പാലത്തിൽ ശുചീകരണത്തിന് നിയോഗിച്ച തൊഴിലാളികൾക്ക് റെയിൽവേ ട്രാക്കുകളിൽ ജോലി ചെയ്യാൻ പരിശീലനം നൽകിയിരുന്നില്ലെന്നും കത്തിൽ പറയുന്നു. കേരളത്തിൽ അടുത്തിടെ ഉണ്ടാകുന്ന രണ്ടാമത്തെ ദാരുണ സംഭവമാണ് ഇത്. തിരുവനന്തപുരത്ത് ആമഴിഞ്ചാൻ കനാലിൽ കരാർ തൊഴിലാളി മുങ്ങി മരിച്ച സംഭവം മുഖ്യമന്ത്രി കത്തിൽ  ഓർമ്മിപ്പിച്ചു.

✪✪✪

സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പ് പ്രചാരണരംഗം കടുത്ത ചൂടിലേക്ക് നീങ്ങുകയാണ്. ദേശീയ- സംസ്ഥാന നേതാക്കൾ പ്രചാരണരംഗത്ത്

സജീവമായി പങ്കെടുത്തു വരുന്നു. ലോക സഭാ ഉപതെരഞ്ഞെടുപ്പ് നടക്കുന്ന വയനാട്ടിൽ UDF സ്ഥാനാർത്ഥി പ്രിയങ്കാ ഗാന്ധിയുടെ പ്രചാരണം നിലമ്പൂരിലെ പൂക്കോട്ടും പാടത്ത് ഉച്ചകഴിഞ്ഞ് സമാപിക്കും.

LDF സ്ഥാനാർത്ഥി സത്യൻ മൊകേരിയുടെ പ്രചാരണം വണ്ടൂർ മണ്ഡലത്തിൽ പുരോഗമിക്കുകയാണ്. CPIM സംസ്ഥാന സെക്രട്ടറി TP രാമകൃഷ്ണൻ ഇന്ന് പ്രചാരണത്തിൽ പങ്കെടുക്കുന്നുണ്ട്.

NDA സ്ഥാനാർത്ഥി നവ്യ ഹരിദാസിന്റെ പ്രചാരണം സുൽത്താൻ ബത്തേരിയിൽ നിന്ന് ആരംഭിച്ചു. വൈകിട്ട് കേണിച്ചിറയിൽ പ്രചാരണം സമാപിക്കും.

✪✪✪

പാലക്കാട് നിയമസഭാ മണ്ഡലത്തിൽ LDF സ്ഥാനാർഥി ഡോ P.സരിൻ നഗരസഭയിലെ ചോളോട് നിന്ന് ഇന്നത്തെ പ്രചാരണം ആരംഭിച്ചു. രാവിലെ കോട്ടമൈതാനത്ത് ഹസ്തദാന കാമ്പയിനിലും അദ്ദേഹം പങ്കെടുത്തു.

UDF സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിൽ പുത്തൂർ, രാമനാഥപുരം എന്നിവിടങ്ങളിൽ നിന്നാണ് പ്രചാരണം ആരംഭിച്ചത്. ഡോ.ശശിതരൂർ MP യും ഇന്ന് പ്രചാരണത്തിനുണ്ടാകും.

NDA സ്ഥാനാർഥി C. കൃഷ്ണകുമാറും പരമാവധി വോട്ടർമാരെ നേരിൽകണ്ട് വോട്ടുകൾ അഭ്യർത്ഥിച്ചു വരികയാണ്. ഇന്ന് പ്രചാരണത്തിലും യോഗങ്ങളിലും BJP നേതാവ് പ്രകാശ് ജാവ്ദേക്കറും പങ്കെടുക്കും.

ചേലക്കര മണ്ഡലത്തിലും തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറി.

UDF സ്ഥാനാർത്ഥി രമ്യ ഹരിദാസിന്റെ മണ്ഡല പര്യടനം ഇന്ന് കാളിയാറിൽ നിന്നാരംഭിച്ച് പൂവത്താണിയിൽ സമാപിക്കും. NDA സ്ഥാനാർഥി K ബാലകൃഷ്ണൻ വള്ളത്തോൾ സ്മൃതി മണ്ഡപത്തിൽ പുഷ്പാർച്ച നടത്തിയാണ് പര്യടനം ആരംഭിച്ചത്. വൈകിട്ട് സമാപന യോഗം പത്മജ വേണുഗോപാൽ ഉദ്ഘാടനം ചെയ്യും.

LDF സ്ഥാനാർഥി UR പ്രദീപിന്റെ തിരഞ്ഞെടുപ്പ് പരിപാടികൾ വൈകിട്ട് മങ്ങാട് സമാപിക്കും.

✪✪✪

ചേലക്കര ഉപതിരഞ്ഞെടുപ്പിന്റെ ഭാഗമായി സ്ഥാനാർത്ഥികൾക്കും പ്രതിനിധികൾക്കുമായി ചെറുതുരുത്തി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ മോക്പോൾ നടത്തി. ആയിരം വോട്ടാണ് മോക്പോളിന്റെ ഭാഗമായി ചെയ്യുന്നത്.

വോട്ടിംഗ് യന്ത്രത്തിന് തകരാറുകളോ മറ്റു പ്രശ്നങ്ങളോ ഉണ്ടോ എന്ന് പരിശോധിക്കുന്ന ഘട്ടമാണ് മോക്പോൾ.

രാവിലെ 8ന് ഉദ്യോഗസ്ഥർ ചെറുതുരുത്തി ഹയർസെക്കൻഡറി സ്കൂളിൽ എത്തി, പൊലീസ് സുരക്ഷയിലായിരുന്ന സ്ട്രോങ്ങ് റൂമിൽ നിന്ന് തെരഞ്ഞെടുപ്പ് സാമഗ്രികൾ പുറത്തെടുത്തു. തുടർന്ന് 18 ടേബിളുകളിലായി 72 ഉദ്യോഗസ്ഥരും റിട്ടേണിംഗ് ഓഫീസറും അസിസ്റ്റൻറ് റിട്ടേൺ ഓഫീസറും മോക്പോളിന് നേതൃത്വം നൽകി.

മോക് പോളിന് ശേഷം ഇലക്ഷൻ സാമഗ്രികൾ സ്ട്രോങ്ങ് റൂമിൽ പൂട്ടിവയ്ക്കും. പിന്നീട് വോട്ടെടുപ്പിന്റെ തലേന്ന് രാവിലെ പോളിംഗ് സാമഗ്രികൾ ബൂത്തുകളിലേക്ക് കൊടുത്തയക്കാൻ മാത്രമേ സ്ട്രോങ്ങ് റൂം തുറക്കൂ.

✪✪✪

BJP വിട്ട് പുറത്തുവന്നാൽ സന്ദീപ് വാര്യരെ CPIM സ്വീകരിക്കുമെന്ന് LDF കൺവീനർ TP രാമകൃഷ്ണൻ അറിയിച്ചു. ഇടത് നയം അംഗീകരിച്ച് വരുന്ന ആരെയും പാർട്ടി സ്വീകരിക്കും. BJP വിട്ടതായി സന്ദീപ് ഇതുവരെയും പ്രഖ്യാപിച്ചിട്ടില്ലെന്നും അദ്ദേഹം ഇപ്പോഴും BJPയിൽ തന്നെയാണെന്നും രാമകൃഷ്ണൻ വയനാട്ടിൽ പറഞ്ഞു.

✪✪✪

വയനാട് ഉപതെരഞ്ഞെടുപ്പിൽ തിരുവമ്പാടി മണ്ഡലത്തിലെ പോളിംഗ് ഉദ്യോഗസ്ഥർക്കായി, നാളെ നടത്താൻ നിശ്ചയിച്ചിരുന്ന പരിശീലന പരിപാടി ചില സാങ്കേതിക കാരണങ്ങളാൽ ശനിയാഴ്ചത്തേക്ക് മാറ്റിയതായി ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. സ്ഥലം, സമയം എന്നിവയിൽ മാറ്റമില്ല.

✪✪✪

2021 ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ UDF സ്ഥാനാർത്ഥിയായി പാലയിൽ നിന്നും മാണി C കാപ്പനെ തെരഞ്ഞെടുത്തതിനെ ചോദ്യം ചെയ്തു സമർപ്പിച്ച ഹർജി ഹൈക്കോടതി തള്ളി.

തെരഞ്ഞെടുപ്പിൽ കക്ഷിരഹിതനായി മത്സരിച്ച C.V ജോൺ സമർപ്പിച്ച ഹർജിയാണ് ജസ്റ്റിസ് C ജയചന്ദ്രൻ തള്ളിയത്.

ജനപ്രാതിനിധ്യ നിയമ പ്രകാരം അനുവദിച്ചതിനേക്കാൾ കൂടുതൽ പണം തെരഞ്ഞെടുപ്പിനായി വിനിയോഗിച്ചു എന്നാരോപിച്ചാണ് ഹർജിക്കാരൻ കോടതിയെ സമീപിച്ചത്.

✪✪✪

അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടം ഇന്ത്യൻ സമയം വൈകിട്ട് അഞ്ചരക്ക് ആരംഭിക്കും. വിവിധ സമയ മേഖലകളിൽ ഇന്ത്യൻ സമയം വൈകിട്ട് ഏഴരക്കകം പോളിംഗ് ആരംഭിക്കും. നാളെ പുലർച്ചെ അഞ്ചരക്കും ഒമ്പതരക്കും ഉള്ളിൽ വോട്ടെടുപ്പ് അവസാനിക്കും.

മുൻ US പ്രസിഡണ്ട് ഡൊണാൾഡ് ട്രംപും, വൈസ് പ്രസിഡണ്ട് കമലാ ഹാരിസും തമ്മിലാണ് പ്രസിഡണ്ട് സ്ഥാനത്തേക്ക് കടുത്ത മത്സരം. അടുത്ത ജനുവരി ആറിലെ അമേരിക്കൻ കോൺഗ്രസിന്റെ സംയുക്ത യോഗത്തിലായിരിക്കും ഇലക്ടറൽ വോട്ടുകൾ എണ്ണി പ്രസിഡണ്ടിനെ അന്തിമമായി കണ്ടെത്തുക.

✪✪✪

കൊച്ചിയിൽ സംസ്ഥാന സ്കൂൾ കായിക മേളയുടെ ആദ്യ ദിനത്തിൽ തിരുവനന്തപുരം ജില്ല മുന്നിട്ട് നിൽക്കുന്നു. മേളയുടെ ഭാഗമായി നേരത്തെ പൂർത്തിയായ ഇനങ്ങളുൾപ്പെടെ 253 മത്സരയിനങ്ങൾ അവസാനിച്ചപ്പോൾ തിരുവനന്തപുരത്തിന് 646 പോയിന്റ് ഉണ്ട്. രണ്ടാം സ്ഥാനത്ത് 316 പോയിന്റുമായി കണ്ണൂരും 295 പോയിന്റുമായി തൃശൂർ മൂന്നാം സ്ഥാനത്തുമാണ്. സ്കൂൾ വിഭാഗത്തിൽ 73 പോയിന്റോടെ തിരുവനന്തപുരം സെന്റ് ജോസഫ് ഹയർ സെക്കൻഡറിയാണ് ആദ്യസ്ഥാനത്ത്. 277 ഇനങ്ങളാണ് ശേഷിക്കുന്നത്.

✪✪✪

സവിശേഷ പരിഗണന അർഹിക്കുന്നവരുടെ വിഭാഗത്തിൽ ആദ്യ മെഡൽ തിരുവനന്തപുരം നേടി. 14 ന് മേൽ പ്രായക്കാരുടെ മിക്സഡ് സ്റ്റാൻഡിങ് ജമ്പിലാണ് തിരുവനന്തപുരം ഒന്നാം സ്ഥാനം നേടിയത്.

പാലക്കാടിന് രണ്ടാം സ്ഥാനവും, പത്തനംതിട്ടയ്ക്ക് മൂന്നാം സ്ഥാനവും ലഭിച്ചു.

✪✪✪

സൂപ്പർലീഗ് കേരള ഫുട്ബോൾ ആദ്യസെമിയിൽ വൈകിട്ട് തിരുവനന്തപുരം കൊമ്പൻസും, കാലിക്കറ്റ് FC യും ഏറ്റുമുട്ടും. കോഴിക്കോട് EMS കോർപറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

പത്ത് മത്സരങ്ങളിൽ നിന്ന് 19 പോയിന്റുമായി ലീഗിൽ ഒന്നാമതെത്തിയാണ് കലിക്കറ്റ് FC സെമിബെർത്ത് നേടിയത്. കൊമ്പൻസിന് 13 പോയിന്റുണ്ട്.

✪✪✪

ISL ഫുട്ബോളിൽ ചെന്നൈയിൻ FC ജംഷഡ്പൂർ FC യെ പരാജയപ്പെടുത്തി. ജംഷഡ്പൂരിൽ ഒന്നിനെതിരെ അഞ്ചു ഗോളിനാണ് ചെന്നൈയിന്റെ ജയം.

നാളെ FC ഗോവ, പഞ്ചാബ് FC യെ നേരിടും. വൈകീട്ട് 7.30 ന് ഗോവയിലാണ് മത്സരം.

✪✪✪

ശബരിമല തീർത്ഥാടകർക്ക് മികച്ച ആരോഗ്യ സംവിധാനങ്ങൾ ഉറപ്പാക്കുമെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. പമ്പ ശ്രീരാമ സാകേതം ഹാളിൽ ചേർന്ന ആരോഗ്യവകുപ്പ് അവലോകനയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ശബരിമല പ്രത്യേക ആശുപത്രിയായി കോന്നി മെഡിക്കൽ കോളജിനെ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു.

ICU, വെന്റിലേറ്റർ സൗകര്യം ഉൾപ്പെടെ 30 ബെഡുകളും, കാഷ്വാലിറ്റിയിൽ പ്രത്യേക ബെഡുകളും സജ്ജീകരിച്ചു. ജില്ലയിലെ പ്രധാനപ്പെട്ട എല്ലാ ഗവൺമെന്റ് ആശുപത്രികളിലും തീർത്ഥാടകർക്കായി ബെഡ്ഡുകൾ ക്രമീകരിച്ചിട്ടുണ്ട്. മരുന്നുകളുടെ ലഭ്യതയും ഉറപ്പാക്കി. ഈ മാസം 10 നകം ആരോഗ്യവകുപ്പിന്റെ എല്ലാ ക്രമീകരണങ്ങളും പൂർത്തിയാക്കണമെന്ന് മന്ത്രി യോഗത്തിൽ നിർദ്ദേശം നൽകി.

✪✪✪

കണ്ണൂർ ADM ആയിരുന്ന K.നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് കണ്ണൂർ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് P.P. ദിവ്യ സമർപ്പിച്ച ജാമ്യാപേക്ഷയിൽ കോടതിയിൽ വാദം ആരംഭിച്ചു. തലശ്ശേരി ജില്ലാ സെഷൻസ് കോടതിയിലാണ് വാദം. ദിവ്യ ഇപ്പോൾ കണ്ണൂർ വനിതാ ജയിലിൽ റിമാന്റിൽ കഴിയുകയാണ്.

✪✪✪

ജൻമഭൂമി ദിനപത്രം 'സ്വ' വിജ്ഞാനോത്സവത്തിന്റെ ഭാഗമായ മാധ്യമ സെമിനാർ ഇന്ന് കോഴിക്കോട് കാലിക്കറ്റ് ട്രേഡ് സെന്ററിൽ മുതിർന്ന മാധ്യമപ്രവർത്തകൻ S.ഗുരുമൂർത്തി ഉദ്ഘാടനം ചെയ്തു. മുൻ കേന്ദ്ര മന്ത്രി രാജീവ് ചന്ദ്രശേഖർ, മുതിർന്ന മാധ്യമപ്രവർത്തകൻ M.G രാധാകൃഷ്ണൻ, BJP സംസ്ഥാന വക്താവ് K.V.S ഹരിദാസ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കറ്റ് അംഗം A.K.അനുരാജ് തുടങ്ങിയവർ സെമിനാറിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

ഇന്ന് ലോക സുനാമി അവബോധ ദിനം. സുനാമിയുടെ അപകടകരമായ പ്രത്യാഘാതങ്ങളെക്കുറിച്ചും സുനാമി തയ്യാറെടുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ചും,

മുന്നറിയിപ്പിനെക്കുറിച്ചും അവബോധം സൃഷ്ടിക്കാനാണ് നവംബർ അഞ്ച് സുനാമി ബോധവത്കരണ ദിനമായി ആചരിക്കുന്നത്.

✪✪✪

മാന്വൽ സ്കാവൻജർ മുക്ത ജില്ലയായി കോഴിക്കോടിനെ പ്രഖ്യാപിച്ചു. സുപ്രീം കോടതി നിർദ്ദേശപ്രകാരം നടപടിക്രമങ്ങൾ പാലിച്ച് ഡിജിറ്റൽ സർവേ നടത്തിയ ശേഷമാണ് ജില്ലയിൽ മാന്വൽ സ്കാവൻജേഴ്സ് ഇല്ല എന്നു കണ്ടെത്തിയത്. ഇതുമായി ബന്ധപ്പെട്ട് ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ 15 ദിവസത്തിനകം തദ്ദേശ ഭരണ ജോയിന്റ് ഡയറക്ടറുടെ ഓഫീസിൽ നൽകേണ്ടതാണ്.

✪✪✪

കണ്ണൂർ റവന്യൂ ജില്ലാ സ്കൂൾ കലോത്സവം ഈ മാസം 19 മുതൽ 23 വരെ പയ്യന്നൂരിൽ നടക്കും. 17 വേദികളിൽ ആയാണ് കലാമേള സംഘടിപ്പിക്കുന്നത്.

15 ഉപജില്ലകളിൽ നിന്നായി പതിനായിരത്തോളം കലാപ്രതിഭകൾ മേളയിൽ പങ്കെടുക്കും.

✪✪✪

കോഴിക്കോട് ജില്ലയിലെ പൊലീസ് സ്റ്റേഷനുകളിൽ അവകാശികൾ എത്താത്തതിനെ തുടർന്ന് സൂക്ഷിച്ചിരിക്കുന്ന 487 വാഹനങ്ങൾ E- ലേലം ചെയ്യാൻ തീരുമാനിച്ചു. ഈ മാസം 29 വരെ രേഖകൾ ഹാജരാക്കി ഉടമസ്ഥർക്ക് വാഹനം ഏറ്റെടുക്കാം.

✪✪✪

ഫിലിം ആന്റ് ടെലിവിഷൻ ഇൻസ്റ്റിട്യൂറ്റ് ഓഫ് ഇന്ത്യ വിദ്യാർത്ഥികൾ തയ്യാറാക്കിയ 'Sunflowers where the first ones to know' എന്ന ഹ്രസ്വ ചിത്രം അടുത്ത വർഷത്തെ ഓസ്കാർ മേളയിലേക്ക് തെരഞ്ഞെടുത്തു. ലൈവ് ആക്ഷൻ ഷോർട്ട് ഫിലിം വിഭാഗത്തിലാണ് ചിത്രത്തെ തെരഞ്ഞെടുത്തത്. ഇൻസ്റ്റിട്യൂട്ടിലെ ചിദാനന്ദ എസ് നായിക് സംവിധാനം ചെയ്ത കന്നട ചിത്രം ഇന്ത്യൻ നാടോടി കഥകളിലും പാരമ്പര്യത്തിലും ഊന്നി തയ്യാറാക്കിയതാണ്. കാൻ ഫിലിം ഫെസ്റ്റിൽ ഈ ചിത്രം ലാ സിനേഫ് വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടിയിരുന്നു.

✪✪✪